**യദർത്ഥേന വിനാമുഷ്യ പുംസ ആത്മവിപര്യയ:**
**പ്രതീയത ഉപദ്രഷ്ടുസ്സ്വശിരശ്ഛേദനാദിക: (3–7–10)**
**സ വൈ നിവൃത്തിധർമ്മേണ വാസുദേവാനുകമ്പയാ**
**ഭഗവദ്ഭക്തിയോഗേന തിരോധത്തേ ശനൈരിഹ (3–7–12)**
**യശ്ച മൂഢതമോ ലോകേ യശ്ച ബുദ്ധേ: പരം ഗത:**
**താവുഭൌ സുഖമേധേതേ ക്ലിശ്യത്യന്തരിതോ ജന: (3–7–17)**
**സർവ്വേ വേദാശ്ച യജ്ഞാശ്ച തപോ ദാനാനി ചാനഘ!**
**ജീവാഭയപ്രദാനസ്യ ന കുർവ്വീരൻ കലാമപി. (3–7–41)**

വിദുരർ ചോദിച്ചു:
“ഭഗവാൻ തൻെറ ലീലാവിലാസങ്ങളുടെ ഭാഗമായി വിശ്വസൃഷ്ടി നടത്തിയെന്ന് എങ്ങിനെ പറയാൻ കഴിയും? ഒരു കുട്ടി തൻെറ കളിക്കോപ്പുകളോട് താൽപ്പര്യവും അടുപ്പവും ഉള്ളതുകൊണ്ടാണ് അതുമായി കളിക്കാൻ പോകുന്നത്. ഭഗവാനാകട്ടെ ആഗ്രഹങ്ങളില്ല. അവിടുന്ന് അനന്തസത്യമാണല്ലൊ. ഭഗവാൻ മായയിലൂടെ യാണിതെല്ലാം ചെയ്യുന്നതെന്നുവെച്ചാൽ ഈ മായ അവിടുത്തെ എങ്ങിനെ ബാധിക്കും? എല്ലാത്തിനും ഉള്ളിൽ സ്ഥിതമായിട്ടുള്ളത് അവിടുത്തെ പ്രഭാവം മാത്രമാണല്ലൊ. അതുകൊണ്ട് അവിടുന്നെങ്ങിനെ കർമ്മബന്ധ നിയമങ്ങളാൽ നിയന്ത്രിതനാവുന്നു എന്നു പറഞ്ഞു തന്നാലും.”

മൈത്രേയമുനി പറഞ്ഞു:
“വിശ്വനാഥനായ ഭഗവാൻ എന്തിൻെറയെങ്കിലും നിയന്ത്രണത്തിലാണെന്നത് സംഭവ്യമല്ല. എങ്കിലും മായാശക്തി അപാരമത്രെ. ജീവൻ മായാബന്ധിതമെന്നുതോന്നുമെങ്കിലും യാഥാർഥ്യത്തിൽ അത് സംഗവിമുക്തമത്രേ. സ്വപ്നത്തിൽ സ്വന്തം തല നഷ്ടപ്പെട്ടു എന്നു തോന്നുന്നതു പോലെയാണിത്. വിദുരരേ, വെള്ളത്തിലെ ചന്ദ്രബിംബം ഓളങ്ങളുടെ ഇളക്കത്തിനനുസരിച്ച് ഇളകിമറിയുമ്പോഴും ചന്ദ്രനു മാറ്റമൊന്നുമില്ല. ചന്ദ്രൻ ഇളകുന്നതായി തോന്നുന്നത് തെറ്റായ ബോധംകൊണ്ടാണ്. തൻെറശരീരത്തെ താനെന്നുകരുതി ശരീരത്തിൻെറ ജര, നര, വിശപ്പ്, മരണം, തുടങ്ങി എല്ലാമായി താദാത്മ്യഭാവം പ്രാപിക്കുമ്പോൾ ജീവൻ ഈ അവസ്ഥകളുടെ ബന്ധനത്തിലായിത്തീരുന്നു. ഈ തെറ്റായ തദാത്മ്യഭാവം ശ്രീകൃഷ്ണഭഗവാൻെറ കരുണാകടാക്ഷത്താൽ ക്രമേണ നഷ്ടമാവുന്നു. ഇതിനായി ലൌകികാസക്തിവെടിഞ്ഞ് ഭഗവൽഭക്തിക്കായി ജീവിതം സമർപ്പിക്കുകയാണു വേണ്ടത്. ഭക്തി ഹൃദയത്തിൽനിറഞ്ഞ ഒരുവനെ സുഖദു:ഖങ്ങളോ ലൌകികാവസ്ഥകളോ അലട്ടുന്നില്ല. ദീർഘസുഷുപ്തിയിലാണ്ട ഒരുവന് സുഖദു:ഖങ്ങളിൽ നിന്നും മുക്തി കിട്ടുന്നതു പോലെയത്രെ ഇത്.”

വിദുരർ പറഞ്ഞു: “ഭഗവൻ, എൻെറ സംശയങ്ങൾ തീർന്നിരിക്കുന്നു. ഈ ലോകത്ത് തീരെ അജ്ഞാനി യായവനും വളരെ വിജ്ഞാനമുള്ളവനും മനോബുദ്ധിക്കതീതമായ ശാന്തി ലഭിക്കുന്നു. മറ്റുള്ളവരാണ് വാസ്തവത്തിൽ ദു:ഖിക്കുന്നത്. വസ്തുപ്രപഞ്ചം വാസ്തവത്തിൽ സത്യമല്ല. മായയാകട്ടെ ആത്മാവിൽ സ്വയം ഉത്ഭവിക്കുന്നതത്രേ. എൻെറയീഭാവനയിലെ അപാകതപോലും അവിടുത്തെ പാവനപാദങ്ങളെ സേവിക്കുകവഴി ഇല്ലായ്മചെയ്യാനാവുമെന്നു ഞാൻ കരുതുന്നു. അങ്ങയേപ്പോലുള്ള മാമുനിമാരുടെ പാദസേവനം കൊണ്ടുമാത്രമേ ഭഗവൽപ്പാദാരവിന്ദങ്ങളെ പ്രാപിക്കാനാവൂ എന്നു ഞാൻ മനസ്സിലാക്കുന്നു. ആ പരമപദം വിശ്വമായയെത്തന്നെ അവസാനിപ്പിക്കുന്നു. തീവ്രസാധന ചെയ്യാത്തവർക്ക് ആ ലക്ഷ്യം അസാദ്ധ്യം. അല്ലയോ മുനിവര്യ, ഭഗവൽമഹിമകളെപ്പറ്റി ഇനിയും പറഞ്ഞു തന്നാലും. ഈശ്വരസാക്ഷാത്കാര മാർഗ്ഗങ്ങളെപ്പറ്റി വിവരിച്ചു തന്നാലും. എനിക്ക് ചോദിക്കാൻപോലും അറിഞ്ഞുകൂടാത്ത സത്യങ്ങളെപ്പറ്റിയും എനിക്കു പറഞ്ഞു തരൂ. മാമുനേ, ഒരുജീവനെ സംസാരഭയത്തിൽ നിന്നും ബന്ധമുക്തനാക്കുക എന്നത് വേദപാരായണത്തേക്കാളും യാഗത്യാഗങ്ങളേക്കാളും എത്രയോ പുണ്യപ്രദമാണ്. ”